## തനുതല്ല

# ശബരിമല ദുരന്തം: മകരവിളക്ക് കത്തിച്ച വരല്ല പ്രതികൾ?



**ശ**ബരിമലയിൽ മകരവിളക്കിൻ നാൾ തിക്കിലും തിരക്കിലുംപെട്ട് അമ്പതിൽപ്പരമാളുകൾ മരിച്ചുവെന്ന് കേട്ടപ്പോൾ വിഷമം തോന്നാത്തവരുണ്ടാവില്ല. അപ്രതീക്ഷിത ദുരന്തം എന്ന് പത്രങ്ങൾ വിശേഷിപ്പിച്ചെങ്കിലും ഇതിൽ വാസ്തവത്തിൽ അപ്രതീക്ഷിതമായെന്താണുള്ളത്? വളരെ ഇടുങ്ങിയ സ്ഥലത്തുനിന്ന് അതിലുമെത്രയോ ഇടുങ്ങിയ നടപ്പാതയിലൂടെ ആയിരക്കണക്കിനാളുകൾ തിക്കിത്തിരങ്ങി ഇറങ്ങാൻ ശ്രമിച്ചാൽ ഇതല്ലാതെ മറ്റെന്താണ് സംഭവിക്കുക? ദുരന്തത്തേക്കാൾ, ഒരു തരം അനാവശ്യ – കൂട്ട ആത്മഹത്യയോടാണീ സംഭവത്തിനു സാമ്യം. ഭക്തിയുടെ പാരമ്യത്തിലെ ഭ്രാന്താണ് അവരെയീ സ്വയം നാശത്തിലേക്ക് നയിച്ചത്. വിശുദ്ധവും സാത്വികവുമായി മനസ്സുകൊണ്ട് എവിടെയിരുന്നും അനുഷ്ഠിക്കാവുന്ന ആരാധന ആരോ തെളിക്കുന്ന കൃത്രിമവെളിച്ചംകണ്ട് ആർത്തുവിളിച്ചുതന്നെ പ്രകടിപ്പിച്ചു തീർക്കണം എന്ന അസംബന്ധ നിർബന്ധ ബുദ്ധിയുടെ സ്വാഭാവിക പരിണതിയല്ലേ സത്യത്തിൽ ശബരിമലയിലുണ്ടായത്? പണ്ട്, ഉശിരുള്ള കുറേ യുക്തിവാദികളെങ്കിലുമുണ്ടായിരുന്നു ഇത്തരം ഉച്ചക്കിറുക്കുകൾക്കെതിരെ നിർഭയം ശബ്ദിക്കാൻ. സംഘടിത മതവ്യവസായികളുടെ ആത്മീയതാ നിർഘോഷങ്ങളോടൊപ്പം മതേതര ആത്മീയതക്കാരുടെ ബൗദ്ധിക മർമ്മരങ്ങളും ചേർന്ന് അവരുടെ ശബ്ദത്തെ ഏതാണ്ട് അമർത്തിക്കളഞ്ഞിരിക്കുന്ന അവസ്ഥയിൽ, 'ഹാ, കഷ്ടമായിപ്പോയി' എന്ന പത്രരോദനത്തിൽ ഭാഗഭാക്കാവനല്ലേ സാധാരണക്കാർക്ക് കഴിയൂ! കൃത്രിമ വെളിച്ചം കാട്ടി, ഈയംപാറ്റകളെപ്പോലെ പാവങ്ങളെ ആകർഷിച്ച് നശിപ്പിച്ചുകളയുന്ന സർക്കാരിനെ – ഇപ്പോൾ അത് 'ഇടതുപക്ഷം'പോലുമാണ് – ആരും പ്രതിസ്ഥാനത്ത് ഗൗരവമായി പരാമർശിക്കുന്നുപോലുമില്ലെന്നതാണ് മറ്റൊരു ദുരന്തം–

സ്വാമ്യേയ്... ശരണമയ്യപ്പാ...

– നിശിതൻ